ഉത്തരം

(എ) ഉണ്ട്.

(ബി) അംഗീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പാലത്തിന് 22 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) അനുബന്ധമായി വച്ചിട്ടുണ്ട്.*

(ഇ) പ്രസ്തുത പാലത്തിന് പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) ബാധകമല്ല.

(ജി) സാങ്കേതികാനുമതി നൽകുന്നതിന് എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

(എച്ച്) ബാധകമല്ല.

(ഐ) 3 ലക്ഷം രൂപ

(ജെ) പ്രസ്തുത പാലം പണി നബാർഡിന്റെ സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

(കെ) 165 ലക്ഷം രൂപ

(എൽ) കിട്ടിയിട്ടില്ല.

(എം) ബാധകമല്ല.

(എൻ) പുതുക്കിയ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

കൂർഗ് റോഡിലെ ഇരിട്ടി പാലത്തിന്റെ ശോച്യാവസ്ഥ

151 (3028) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്റർ സ്റ്റേറ്റ് ഹൈവേ ആയ തലശ്ശേരി കൂർഗ് റോഡിലെ ഇരിട്ടി പാലത്തിന്റെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പാലം എന്നാണ് നിർമ്മിച്ചതെന്നും ഇതിന്റെ കാലാവധി എത്ര വർഷമായിരുന്നുവെന്നും വെളിപ്പെടുത്തുമോ ;

(സി) ഇരിട്ടി പാലം ശക്തിപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇരിട്ടി പാലം പുനരുദ്ധരിക്കുന്ന പ്രവർത്തി സംബന്ധിച്ച് കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി കമ്മീഷൻ സമർപ്പിപ്പിരുന്നുവോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ ഇത് എന്നാണെന്നും ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(എഫ്) ഇരിട്ടി പാലം അടിയന്തിരമായി പുനരുദ്ധരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പാലം 1933-ലാണ് നിർമ്മിച്ചത്. ഇതിന്റെ കാലാവധി 100 വർഷമാണ്.

(സി) ഉണ്ട്.

(ഡി) സമർപ്പിച്ചിട്ടുണ്ട്.

(ഇ) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ക്വട്ടേഷൻ പരിശോധിച്ചുവരുന്നു.

(എഫ്) ക്വട്ടേഷന് അംഗീകാരം നൽകി ഭരണാനുമതി നൽകുകയും ചെയ്തശേഷം പണിചെയ്തു തീർക്കുന്നതാണ്.

കനോലി കനാലിനു കുറുകെ പാലം നിർമ്മിക്കുന്നതിനുള്ള നടപടി

152 (3029) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തൃശ്ശൂർ ജില്ലയിൽ നാട്ടിക മണ്ഡലത്തിലെ എങ്ങണ്ടിയൂർ പഞ്ചായത്തിനെയും, മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിനേയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് കനോലി കനാലിനു കുറുകെ പുളിക്കക്കടവിൽ ഒരു പാലം നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് നടപടികൾ ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പാലത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പാലത്തിന്റെ നിർമ്മാണത്തിന് നബാർഡ് സാമ്പത്തിക സഹായം നൽകാൻ സമ്മതിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര ലക്ഷം രൂപയാണ് നബാർഡ് നൽകാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 30-3-1993 ലെ ജി. ഒ. (ആർ.റ്റി.) നം. 479/93/ പൊ.മ.വ. പ്രകാരം 360 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. 27-5-1997-ൽ പണി ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly